# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:- *F-403/2023/KSBSG* തീയതി: 27-02-2023

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർ/ഡി.ഒ.സി. മാർ**

സർ/മാഡം,

***വിഷയം:- സംസ്ഥാന കബ്ബ്/ബുൾബുൾ ഉത്സവം - ലോഗോ തയ്യാറാക്കുന്നത് - സംബന്ധിച്ച്***

കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ്, സംസ്ഥാനതല കബ്ബ് ബുൾബുൾ ഉത്സവം 2023 മാർച്ച് 10,11,12 തീയ്യതികളിലായി തിരൂർ വിദ്യാഭ്യാസ ജില്ലയിലെ മോഡേൺ ഹയർ സെക്കന്ററി സ്കൂൾ പോട്ടൂർ വെച്ച് നടത്തപ്പെടുകയാണ്. പ്രസ്തുത ഉത്സവത്തിന്റെ **"ലോഗോ"** തയ്യാറാക്കുന്നതിന് സ്കൗട്ട് പ്രസ്ഥാനത്തിലെ അംഗങ്ങൾക്ക് അവസരം നൽകുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോ-യ്ക്ക് കബ്ബ്-ബുൾബുൾ ഉത്സവ വേദിയിൽ വെച്ച് പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. ചുവടെ കൊടുത്ത നിർദേശങ്ങൾ പാലിച്ചു വേണം ലോഗോ തയ്യാറാക്കേണ്ടത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

***നിർദ്ദേശങ്ങൾ***

1. ലോഗോ കബ്ബ്,ബുൾബുൾ എന്ന ആശയം ഉൾക്കൊള്ളുന്നതായിരിക്കണം.
2. ലോഗോ-യിൽ കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ്, കബ്ബ്-ബുൾബുൾ ഉത്സവം 2023 എന്ന് ആലേഖനം ചെയ്തിട്ടുണ്ടാകണം.
3. ലോഗോ നിബന്ധനകൾ പാലിക്കേണ്ടതാണ്. ഫോട്ടോ കൊളാഷ് ആകരുത്.
4. സംസ്ഥാനത്തെ മുഴുവൻ സ്കൗട്ട്/ഗൈഡ് അംഗങ്ങൾക്കും ലോഗോ തയ്യാറാക്കൽ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ് .
5. ലോഗോ തയ്യാറാക്കി അയക്കുന്നവരുടെ യൂണിറ്റ്, അഡ്രസ്സ്, മൊബൈൽ നമ്പർ എന്നിവ കൂടി ലോഗോ-യുടെ കൂടെ അയക്കേണ്ടതാണ്.
6. തയ്യാറാക്കിയ ലോഗോ ***2023 മാർച്ച് 2ന് രാവിലെ 10 മണിക്ക് മുമ്പ്*** സംസ്ഥാന കാര്യാലയത്തിലേക്ക് **'secy.ksbsg@kerala.gov.in'** എന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യുക.
7. ഒരാൾ ഒരു ലോഗോ മാത്രമേ അയക്കാവു എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
8. വൈകി ലഭിക്കുന്ന ലോഗോ പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

**സംസ്ഥാന സെക്രട്ടറി**